പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7518 — 14.07.2014- ൽ മറുപടിക്ക്

## 'വയോമിത്രം' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | വൃദ്ധജനങ്ങൾക്കായി 'വയോമിത്രം' എന്ന പേരിൽ ഒരു പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നുണ്ടോ; | (എ) | വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിന് ലക്ഷ്യമിട്ട് വയോമിത്രം പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് വയോമിത്രം. പദ്ധതിയിലൂടെ വയോജനങ്ങൾക്ക് സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് പരിചരണം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ നൽകി വരുന്നു. നിലവിൽ 27 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷൻ പ്രദേശത്തും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഘട്ടം ഘട്ടമായി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | സർക്കാരിനു പുറമെ മറ്റ് ഏതെങ്കിലും ഏജൻസികൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ടോ; | (സി) യും (ഡി) യും | തുടക്കത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, എൻ.ആർ.എച്ച്.എം, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവർ ചേർന്ന് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ എൻ.ആർ.എച്ച്.എം ൽ നിന്ന് സഹായം ലഭിക്കാത്തതിനാൽ ഇപ്പോൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുമായി സഹകരിച്ചാണ് നടപ്പിലാക്കി വരുന്നത്. |
| (ഡി) | എങ്കിൽ ഏജൻസികളുടെ പേരും അവരുടെ പ്രവർത്തനങ്ങളും വിശദമാക്കുമോ; | | |
| (ഇ) | നിലവിൽ എത്ര വയോമിത്രം യൂണിറ്റുകൾ പ്രവർത്തിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (ഇ) യും (എഫ്) ഉം | സംസ്ഥാനത്ത് നിലവിൽ 32 വയോമിത്രം യൂണീറ്റുകൾ പ്രവർത്തിച്ചു വരുന്നു. ജില്ല തിരിച്ചുള്ള യൂണീറ്റുകളുടെ എണ്ണവും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു. |
| (എഫ്) | എത്ര പേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | | |

| ജില്ല | യൂണിറ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 2 | 17,551 |
| കൊല്ലം | 2 | 9,071 |
| ആലപ്പുഴ | 2 | 5,644 |
| പത്തനംതിട്ട | 2 | 3,821 |
| ഇടുക്കി | 1 | 2,801 |
| കോട്ടയം | 2 | 5,031 |
| എറണാകുളം | 3 | 7,622 |
| തൃശ്ശൂർ | 3 | 10,172 |
| പാലക്കാട് | 3 | 4,295 |
| മലപ്പുറം | 5 | 8,733 |
| കോഴിക്കോട് | 3 | 26,347 |
| വയനാട് | 1 | 1,506 |
| കണ്ണൂർ | 2 | 3,098 |
| കാസർഗോഡ് | 1 | 1,506 |
| ആകെ | 32 | 1,07,198 |

| | | | |
|---|---|---|---|
| (ജി) | പദ്ധതി നടത്തിപ്പിന്റെ ഉദ്യോഗസ്ഥ സംവിധാനം എപ്രകാരമാണ്; ഇവരെ മിഷന്റെ മറ്റു പരിപാടികൾക്കായി വിനിയോഗിക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ജി) | ഓരോ വയോമിത്രം യൂണിറ്റിലും ഓരോ കോർഡിനേറ്റർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ, ഡോക്ടർ എന്ന ക്രമത്തിലാണ് ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രോജക്റ്റിന്റെ പൂർണ്ണ ചുമതല കോർഡിനേറ്റർക്കാണ് നൽകിയിട്ടുള്ളത്. വയോമിത്രം പദ്ധതിയുടെ നടത്തിപ്പിന് കോട്ടം തട്ടാത്തവിധം സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കും വയോമിത്രം കോർഡിനേറ്റർമാരുടെ സേവനം വിനിയോഗിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ